**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6201 | | 07.11.2016-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **സമ്പൂർണ്ണ തുറസ്സുവിസർജ്ജനവിമുക്ത പദ്ധതി** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.പി.കെ.ശശി** | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | സമ്പൂർണ്ണ തുറസ്സുവിസർജ്ജനവിമുക്ത പദ്ധതി സംസ്ഥാനത്ത് എന്നാണ് ആരംഭിച്ചത്; ഇത് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും; ആയതിന്റെ ജില്ലതിരിച്ചുള്ള പ്രവർത്തനപുരോഗതി വ്യക്തമാക്കാമോ; | (എ) | 27.05.2016 തീയതിയിലെ സ.ഉ(സാധാ) നം.1773/2016/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളും, 31.05.2016 തീയതിയിലെ സ.ഉ (സാധാ) നം.1815/2016/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മുൻസിപ്പാലിറ്റി/കോർപ്പറേഷനുകളും സമ്പൂർണ്ണ തുറസ്സു വിസർജ്ജന വിമുക്ത പദ്ധതി ആരംഭിച്ചു. 2016 ഒക്ടോബർ 31 ന് ഗ്രാമപ്രദേശങ്ങൾ പദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞു. 2017 മാർച്ച് 31 ഓടു കൂടി നഗരപ്രദേശങ്ങൾ പൂർത്തീകരിക്കാനുമാണ് നിലവിൽ ഉദ്ദേശിക്കുന്നത്.<br>ജില്ല തിരിച്ചുള്ള പ്രവർത്തന പുരോഗതി റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിൽ തദ്ദേശസ്ഥാപനങ്ങളുടെയും ശുചിത്വമിഷന്റേയും ചുമതലകൾ എന്താണെന്ന് വ്യക്തമാക്കുമോ; ഇതിന്റെ പ്രവർത്തനപുരോഗതി എന്നാണ് പരിശോധിച്ചത്; വ്യക്തമാക്കുമോ; | (ബി) | പദ്ധതി നടപ്പിലാക്കുന്നതിൽ, തദ്ദേശസ്ഥാപനങ്ങൾ നിർവ്വഹണവും, ശുചിത്വമിഷനും, സ്വച്ഛ് ഭാരത് മിഷനും ഫണ്ട് അനുവദിക്കുകയും മോണിറ്ററിംഗ് ചുമതല വഹിക്കുകയും ചെയ്യുന്നു.<br>പുരോഗതി ദൈനംദിനം പരിശോധിച്ച് വരുന്നു. |
| (സി) | തദ്ദേശസ്വയംഭരണവകുപ്പും ശുചിത്വമിഷനും നടത്തിയ പരിശോധനപ്രകാരം മുൻസർക്കാർ അധികാരമൊഴിയുമ്പോൾ സംസ്ഥാനത്ത് ശൗചാലയങ്ങൾ ഇല്ലാത്ത വീടുകൾ എത്രയായിരുന്നുവെന്നും, അതിനുശേഷം എത്ര വീടുകളിൽ ശൗചാലയങ്ങൾ നിർമ്മിക്കാനുള്ള നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ; | (സി) | മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ സംസ്ഥാനത്ത് ഗ്രാമപ്രദേശങ്ങളിൽ ശൗചാലയമില്ലാത്ത 175399 വീടുകളും, നഗരപ്രദേശങ്ങളിൽ 34578 വീടുകളും ഉണ്ടായിരുന്നു. അതിന് ശേഷം ശുചിത്വസൗകര്യം ലഭ്യമല്ലാത്ത എല്ലാ വീടുകളിലും ശൗചാലയം നിർമ്മിക്കുന്നതിന്/ പൊതുശൗചാലയ സൗകര്യം സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിച്ചു. |
| (ഡി) | പ്രസ്തുത പദ്ധതിക്കായി സ്വച്ഛ ഭാരത് മിഷൻ നൽകുന്ന തുകയും കേന്ദ്രവും സംസ്ഥാനങ്ങളും നൽകുന്ന തുകയും | (ഡി) | സ്വച്ഛ് ഭാരത് മിഷൻ പദ്ധതി പ്രകാരം വ്യക്തിഗത ഗാർഹിക ടോയ്‌ലറ്റിന്റെ യൂണിറ്റ് കോസ്റ്റ് 15400/- രൂപയാണ്. കേന്ദ്ര വിഹിതം, സംസ്ഥാനവിഹിതം, തദ്ദേശ ഭരണ സ്ഥാപന വിഹിതം എന്നിവ |

എത്ര വീതമെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്ന മറ്റുസഹായങ്ങൾ എന്തൊക്കെയെന്നുമുള്ളതിന്റെ വിശദാംശം ലഭ്യമാക്കാമോ?

താഴെ പറയും പ്രകാരമാണ്.
(തുക രൂപയിൽ)

| | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | തദ്ദേശ ഭരണ സ്ഥാപന വിഹിതം | ആകെ |
|---|---|---|---|---|
| ഗ്രാമം | 7200 | 4800 | 3400 | 15400 |
| നഗരം | 4000 | 2667 | 8733 | 15400 |

കേന്ദ്ര സംസ്ഥാന വിഹിതവും തദ്ദേശ ഭരണ സ്ഥാപന വിഹിതവും ഉൾപ്പെടെ 15400 രൂപയാണ് യൂണിറ്റ് കോസ്റ്റ് എങ്കിലും ദുർഘട പ്രദേശങ്ങളിൽ ഇതിൽ കൂടുതൽ തുക ക്രമപ്രകാരം നൽകുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ പൊതുശൗചാലയത്തിന് യൂണിറ്റ് കോസ്റ്റ് 2 ലക്ഷം രൂപയും (കേന്ദ്രവിഹിതം 1,20,000/- രൂപ, സംസ്ഥാന വിഹിതം 60,000/- രൂപ, തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിതം 20,000/- രൂപ) നഗരപ്രദേശങ്ങളിൽ യൂണീറ്റ് കോസ്റ്റ് ഒരു സീറ്റ് കണക്കിൽ 98000/- രൂപയുമാണ് (കേന്ദ്രവിഹിതം 39200/- രൂപ, സംസ്ഥാന വിഹിതം 26134/- രൂപ, തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിതം 32666/- രൂപ)

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നം. | ജില്ല | ഗ്രാമപഞ്ചായത്തുകളുടെ എണ്ണം | ഒ.ഡി.എഫ് ആയി പ്രഖ്യാപിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം | മുൻസിപ്പൽ കോർപ്പറേഷൻ/നഗരസഭകളുടെ എണ്ണം | ഒ.ഡി.എഫ് ആയി പ്രഖ്യാപിച്ചിട്ടുള്ള മുൻസിപ്പൽ കോർപ്പറേഷൻ/നഗരസഭകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 73 | 73 | 5 | - |
| 2 | കൊല്ലം | 68 | 68 | 5 | - |
| 3 | പത്തനംതിട്ട | 53 | 53 | 4 | - |
| 4 | ആലപ്പുഴ | 72 | 72 | 6 | - |
| 5 | കോട്ടയം | 71 | 71 | 6 | - |
| 6 | ഇടുക്കി | 52 | 52 | 2 | 1 |
| 7 | എറണാകുളം | 82 | 82 | 14 | 1 |
| 8 | തൃശ്ശൂർ | 86 | 86 | 8 | 1 |
| 9 | പാലക്കാട് | 88 | 88 | 7 | - |
| 10 | മലപ്പുറം | 94 | 94 | 12 | 1 |
| 11 | കോഴിക്കോട് | 70 | 70 | 8 | 2 |
| 12 | വയനാട് | 23 | 23 | 3 | - |
| 13 | കണ്ണൂർ | 71 | 71 | 10 | 3 |
| 14 | കാസർകോഡ് | 38 | 38 | 3 | - |
| | | 941 | 941 | 93 | 9 |